കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഇൻഫർമേഷൻ കേരള മിഷന് കിട്ടേണ്ട കുടിശ്ശിക തുക അടച്ചിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുന്നതിന് വകുപ്പു തലവൻമാരെ ചുമതലപ്പെടുത്തി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ. (സാധാ) നം. 1028/2012/തസ്വഭവ. തിരുവനന്തപുരം, തിയതി, 31.03.2012

പരാമർശം:- ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 09.03.2012 ലെ IKM/Estt/10/Govt/2012 നമ്പർ കത്ത്.

## ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് ഇൻഫർമേഷൻ കേരള മിഷന് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കമ്പ്യൂട്ടർവൽക്കരണം, സാങ്കേതിക സഹായം, വെബ്സൈറ്റ് വരിസംഖ്യ എന്നീ ഇനങ്ങളിലായി 2009 - 10 മുതൽ 2011 - 12 വരെ ലഭിക്കേണ്ടതായ ചുവടെ വിവരിച്ചിരിക്കുന്ന തുക അടിയന്തിരമായി ലഭ്യമാക്കണമെന്ന് പരാമർശം (1) പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

1. ജില്ലാ പഞ്ചായത്ത് - 21,12,000/- രൂപ
2. ബ്ലോക്ക് പഞ്ചായത്ത് - 37,46,282/ - രൂപ
3. മുനിസിപ്പാലിറ്റി - 2,26,81,525/-രൂപ
4. ഗ്രാമപഞ്ചായത്ത് - 4,39,20,563/- രൂപ

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഇൻഫർമേഷൻ കേരള മിഷന് ലഭിക്കേണ്ട മേൽ സൂചിപ്പിച്ച തുക ലഭ്യമാക്കുന്നതിന് വേണ്ട പ്രത്യേക നടപടി സ്വീകരിക്കാൻ വകുപ്പു തലവന്മാരെ ചുമതലപ്പെടുത്തി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എം. ഷാഹുൽ ഹമീദ്

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്: - പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ